(സി, ഡി) സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 61 പദ്ധതികളിൽ, ആദ്യഘട്ടമായി വിശദപഠനറിപ്പോർട്ടും, വിശദ അന്വേഷണ റിപ്പോർട്ടും തയ്യാറാക്കിയ 30 പ്രോജക്ടുകളാണ് കൃാപ്റ്റീവ് പവർ പ്ലാന്റ് അടിസ്ഥാനത്തിലും, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ അടിസ്ഥാനത്തിലും നടപ്പിലാക്കുന്നതിനുവേണ്ടി റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (ആർ. എഫ്. ക്യൂ.) പരസ്യം ചെയ്തിരുന്നത്. റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ വഴി യോഗ്യത നേടിയ അപേക്ഷകരിൽ നിന്നും, റിക്വസ്റ്റ് ഫോർ പ്രപ്പോസൽ (ആർ. എഫ്. പി.) വഴിയാണ് പദ്ധതികൾ അനുവദിച്ചു കൊടുക്കുന്നത്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

വൈദ്യുതി ചാർജ്ജ് വർദ്ധന

3 [5958] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്രപൂളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വൈദ്യുതിയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വിവിധ ഇവൈദ്യുതി നിലയങ്ങളിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്രയാണ്;

(ഇ) നിലവിലുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി താഴെപ്പറയുന്നു:

(1)	നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ	..	153 മെഗാവാട്ട്
(2)	രാമഗുണ്ടം	..	245 മെഗാവാട്ട്
(3)	മദ്രാസ് അറ്റോമിക് നിലയം	..	18 മെഗാവാട്ട്
(4)	കൈഗാ	..	38 മെഗാവാട്ട്
(5)	ഈസ്റ്റേൺ റീജിയൺ	..	73 മെഗാവാട്ട്
			527 മെഗാവാട്ട്

(ഡി) ജൂൺമാസത്തെ വൈദ്യുതി ഉത്പാദനം 328 ദശലക്ഷം യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചാർജ്ജ് വർദ്ധന ഒഴിവാക്കി ബോർഡിന്റെ പ്രവർത്തനം സുഗമമാക്കാനാണ് ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്.

താരീഫ് റെഗുലേറ്ററി കമ്മീഷൻ നൽകിയ ശുപാർശകൾ

4 [5959] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് താരീഫ് റെഗുലേറ്ററി കമ്മീഷന് നൽകിയ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) താരീഫ് റെഗുലേറ്ററി കമ്മീഷൻ ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെങ്കിലും സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1-8-2003-ൽ കമ്മീഷൻ മുൻപാകെ 2001-02, 2002-03, 2003-04 വർഷങ്ങളിലെ വരവു ചെലവുകളുടെ വിശദാംശങ്ങളടങ്ങുന്ന ഇ. ആർ. സി. ഫയലിംഗ് പെറ്റീഷൻ (Expected Revenue from charges) നൽകിയിട്ടുണ്ട്. ബോർഡ് താരീഫ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശുപാർശയൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല. കെ. എസ്. ഇ. ബി. നൽകിയ പെറ്റീഷൻമേലുള്ള വിശദമായ പരിശോധന കമ്മീഷനിൽ നടന്നുകൊണ്ടിരിക്കയാണ്.

(സി) ബാധകമല്ല.

പുതിയ താപവൈദ്യുതി നിലയം

5 [5960] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താപവൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(ബി) ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയാണ് ഈ നിലയത്തിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly